<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2800</u> <u>14-09-2023 - ൽ മറുപടിയ്ക്ക്</u>

<u>നെട്ടയം നൂൽനൂൽപ്പ് കേന്ദ്രം പുനരുദ്ധരിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി വകുപ്പിന് സ്വന്തമായി 40 സെൻറ് സ്ഥലം ഉള്ള ഏരൂർ പഞ്ചായത്തിലെ നെട്ടയം നൂൽനൂൽപ്പ് കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ച നാളിൽ 55 പേർ ജോലി ചെയ്തിരുന്നുവെങ്കിലും വിപുലീകരിച്ച് പ്രവർത്തിക്കാത്തതിനാൽ പതിനഞ്ചിൽ താഴെ തൊഴിലാളികൾ മാത്രമേ നിലവിൽ ജോലിചെയ്യുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏരൂർ പഞ്ചായത്തിലെ നെട്ടയം നൂൽനൂൽപ്പ് കേന്ദ്രം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനമാണ്. നെട്ടയം നൂൽനൂൽപ്പ് കേന്ദ്രത്തിൽ പതിമൂന്ന് തൊഴിലാളികളാണ് നിലവിൽ ജോലി ചെയ്ത് വരുന്നത്. |
| (ബി) | പ്രദേശത്തെ ഏക തൊഴിൽദാന സംരംഭമായ നെട്ടയം നൂൽനൂൽപ്പ് കേന്ദ്രത്തെ ആധുനീകരിച്ച് കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന തരത്തിൽ വികസിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (ബി) | നെട്ടയം നൂൽനൂൽപ്പ് കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ചർക്കകൾ വാങ്ങുന്നതിനുമായി 2023-24 സാമ്പത്തിക വർഷം ഏരൂർ ഗ്രാമപഞ്ചായത്ത് അഞ്ച് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ